# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1965** **06.02.2019-ൽ മറുപടിക്ക്**

**ലഹരി മാഫിയക്കെതിരെ ശക്തമായ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഷാഫി പറമ്പിൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കേരളം ലഹരി മരുന്ന് വ്യാപനത്തിന്റെ ഒരു ഹബ്ബായി മാറിയതും ലഹരി മാഫിയ നിർബാധം സംസ്ഥാനത്ത് പ്രവർത്തിക്കുന്നതും ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) കേരളം ലഹരി മരുന്ന് വ്യാപനത്തിന്റെ ഹബ്ബാവുകയോ ലഹരി മാഫിയ സംസ്ഥാനത്ത് നിർബാധം പ്രവർത്തിക്കുകയോ ചെയ്യുന്നില്ല. ലഹരി മരുന്ന് വ്യാപാരം സംബന്ധിച്ച് ലഭിക്കുന്ന വിവരങ്ങൾ ഗൗരവമായി പരിശോധിച്ച നടപടിയെടുക്കുകയാണ് ചെയ്യുന്നത്. |
| (ബി) ലഹരി മാഫിയക്കെതിരെ ശക്തമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) ലഹരി മാഫിയക്കെതിരെയുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ പോലീസ് വകുപ്പ് സംസ്ഥാന തലത്തിൽ കേരള ആന്റി നാർക്കോട്ടിക്ക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സും (KANSAF) ജില്ലാ തലത്തിൽ ഡിസ്ട്രിക്റ്റ് ആന്റി നാർക്കോട്ടിക്ക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സും (DANSAF) രൂപീകരിച്ചിട്ടുണ്ട്. റെയിഡുകൾ, അതിർത്തി ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് വാഹന പരിശോധന നടത്തിയും മയക്കമരുന്ന് കേസിൽ അറസ്റ്റ് ചെയ്യവരെ ചോദ്യം ചെയ്യും പ്രതികളുമായി ബന്ധപ്പെടുന്നവരെ നിരീക്ഷിച്ചും വിവരങ്ങൾ ശേഖരിച്ച് നടപടികൾ സ്വീകരിച്ച വരുന്നുണ്ട്. കൂടാതെ ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ DANSAF സ്കൂൾ, കോളേജ് തലത്തിൽ, ക്ലീൻ |

ക്യാമ്പസ് സേഫ് ക്യാമ്പസ്, സ്റ്റുഡന്റ്സ് പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സ്കീം എന്നിവയുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തുകയും പൊതുജനങ്ങൾക്കുവേണ്ടി റസിഡന്റ്സ് അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തി വരുന്നുമുണ്ട്.

ലഹരി മരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ട് വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട് - കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തി വരുന്നു.

കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തി വരുന്നു. പുറമേ എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ്

വിഭാഗങ്ങൾ പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നതും ദേശീയപാതകളിൽ വാഹന പരിശോധന നടത്തി വരുന്നതുമാണ്. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതരസംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്ക് മരുന്നുകളുടെ ഉപഭോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ലഹരി മാഫിയക്കെതിരെയുള്ള കേസുകളിൽ നിശ്ചിത സമയത്ത് കുറ്റപത്രം സമർപ്പിക്കുന്നതിനും സുപ്രീംകോടതിയുടെ വിധി അനുസരിച്ചുള്ള നടപടി സ്വീകരിക്കുന്നതിനും പോലീസിന് സാധിക്കുന്നുണ്ടോ;

(സി) ബഹു. സുപ്രീംകോടതിയുടെ വിധി നടപ്പാക്കുന്നതിനും സമയബന്ധിതമായി ഇത്തരം കേസുകളുടെ അന്വേഷണം പൂർത്തീകരിക്കുന്നതിനും സംസ്ഥാന പോലീസ് മേധാവി 15.11.2018 തീയതിയിലെ സർക്കുലർ നമ്പർ 32/2018 പ്രകാരം എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് നോഡൽ ഓഫീസറായ എ.ഡി.ജി.പി. (ക്രൈംബ്രാഞ്ച്) എല്ലാ ജില്ലകളിലേയും നാർക്കോട്ടിക് സെല്ലുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് വേണ്ട നിർദ്ദേശങ്ങൾ ജില്ലാ നോഡൽ ഓഫീസർമാരായ ജില്ലാ പോലീസ് മേധാവികൾക്ക് നൽകുകയും, ഇത്തരം കേസുകളുടെ പുരോഗതി വിലയിരുത്തി വരുകയും ചെയ്യുന്നുണ്ട്.

(ഡി) എങ്കിൽ അന്താരാഷ്ട്ര മയക്കമരുന്ന് സംഘത്തിലെ പ്രധാനിയായ മാലദ്വീപുകാർക്കെതിരെ കുറ്റപത്രം സമർപ്പിക്കുന്നതിലുണ്ടായ വീഴ്ച ഏത് സാഹചര്യത്തിലാണ് സംഭവിച്ചതെന്ന് പരിശോധിക്കുമോ?

(ഡി) മയക്കമരുന്ന് സംഘത്തിലെ പ്രധാനികളായ മാലദ്വീപുകാർക്കെതിരെ സമയബന്ധിതമായി കുറ്റപത്രം സമർപ്പിക്കുന്നതിൽ പോലീസ് വകുപ്പിന് വീഴ്ച ഉണ്ടായിട്ടില്ല.

**സെക്ഷൻ ഓഫീസർ**